# വ്യാജ പാസ്പോർട്ടുമായി രണ്ടു പേർ പിടിയിൽ

നെടുമ്പാശ്ശേരി : സൗദി അറേബ്യ എയർലൈൻസ് വിമാനത്തിൽ റിയാദിൽ നിന്നും വ്യാജ പാസ്പോർട്ടുമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിയ രണ്ട് യാത്രക്കാരെ എമിഗ്രേഷൻ വിഭാഗം പിടികൂടി. കൊല്ലം പുനലൂർ പുഷ്പമംഗലത്ത് നിഷാദ് (28), പെരിന്തൽമണ്ണ മേലാറ്റൂർ ഹനീഫ് (52) എന്നിവരാണ് പിടിയിലായത്. നിഷാദിൻെറ കൈവശം കൊല്ലം സ്വദേശി ലിബിൻ ബാബുവിൻെറ മേൽവിലാസത്തിലുള്ള പാസ്പോർട്ടും, ഹനീഫിൻെറ കൈവശം കണ്ണൂർ സ്വദേശി ഹാരിസിൻെറ മേൽവിലാസത്തിലുള്ള പാസ്പോർട്ടുമാണ് ഉണ്ടായിരുന്നത്. ഇരുവരും ഫോട്ടോ മാറ്റി ഒട്ടിച്ചാണ് വ്യാജ പാസ്പോർട്ട് ഉണ്ടാക്കിയിട്ടുള്ളത്. റിയാദിൽ ഡ്രൈവറായ നിഷാദും ഹോട്ടൽ ജീവനക്കാരനായിരുന്ന ഹനീഫും സംഭവുമായി ബന്ധപ്പെട്ട് സ്പോൺസററുമായി തെറ്റിയതിനെ തുടർന്ന് മറ്റൊരു സ്പോൺസററുടെ കീഴിൽ ജോലി നോക്കി. ഇതുമൂലം ഒറിജിനൽ പാസ്പോർട്ട് ആദ്യത്തെ സ്പോൺസറർ പിടിച്ചുവച്ചു.

ഇതിനെ തുടർന്ന് നാട്ടിൽ പോകുന്നതിനായി പണം കൊടുത്ത് വ്യാജ പാസ്പോർട്ട് തരപ്പെടുത്തുകയായിരുന്നു. ആൾമാറാട്ടത്തിനെതിരെ കേസ്സെടുത്ത ഇവരെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ എമിഗ്രേഷൻ വിഭാഗം നെടുമ്പാശ്ശേരി പോലീസിനു കൈമാറി. തുടർന്നുള്ള അന്വേഷണത്തിൻെറ ചുമതല ക്രൈം ഡിറ്റാച്ച്മെൻറ് വിഭാഗത്തിലാണ്.



*അസറ്റ് ഹോംസിന്റെ 25-ാമത് പ്രോജക്ടായ അസറ്റ് ഇ-സ്കേപ്പിന്റെ ഉദ്ഘാടനം എക്സൈസ് ആന്റ് തുറമുഖ വകുപ്പ് മന്ത്രി കെ. ബാബു നിർവ്വഹിക്കുന്നു. കിഴക്കമ്പലം പഞ്ചായത്ത് പ്രസിഡന്റ് ജോളി ബേബി, മാനേജിംഗ് ഡയറക്ടർ കെ. എ. മുഹമ്മദ് സലീം, ഡയറക്ടർമാരായ കെ. അനിൽ വർമ്മ, വി. സുനിൽ കുമാർ തുടങ്ങിയവർ സമീപം.*

## സ്ത്രീ തൊഴിലാളികൾക്ക് കടുത്ത പീഢനം

നെടുമ്പാശ്ശേരി : ജനകീയ പങ്കാളിത്തത്തോടെ നിർമ്മിച്ച് ലോകത്തിന് തന്നെ മാതൃകയായിട്ടുള്ള കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ക്ലീനിംഗ് മേഖയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് കടുത്ത പീഢനം. മനുഷ്യാവകാശ ലംഘനവും ലേബർ ചട്ടങ്ങൾക്ക് വിരുദ്ധവുമായ നടപടികളാണ് ഇവിടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാറെടുത്തിട്ടുള്ള സ്വകാര്യ കമ്പനികളുടെ ഭാഗത്തുനിന്നുണ്ടാകുന്നത്. പകലന്തിയളോം പണിയെടുപ്പിച്ച് ഇവിടെ തൊഴിലാളികൾക്ക് തുച്ഛമായ തുകയാണ് ശമ്പളമാണ് നൽകിവരുന്നത്. ഇതാകട്ടെ എന്തെങ്കിലും കാരണങ്ങൾ കണ്ടെത്തി കൊടുക്കുന്ന ശമ്പളം തിരികെ പിടിക്കുന്ന രീതിയും നിലനിൽക്കുന്നുണ്ട്. തൊഴിലാളികൾക്ക് അവകാശപ്പെട്ട പി.എഫ്. ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നൽകുന്നുമില്ല. വർഷങ്ങളായി തുച്ഛമായ വേതനത്തിലാണ് ഇവർ ജോലി ചെയ്ത് വരുന്നത്. 12 വർഷം സർവീസുള്ള ഒരാൾക്ക് ഏറ്റവും കൂടിയ മാസശമ്പളം 5000 രൂപ മാത്രമാണ്. ജോലിയിൽ എന്തെങ്കിലും വീഴ്ചവരുത്തിയെന്ന് സൂപ്പർവൈസർ ആരോപിച്ചാൽ തുക ഈടാക്കുകയും ചെയ്യും. 100 രൂപമുതൽ 2000 രൂപ വരെയാണ് പിഴ ഈടാക്കുന്നത്. വിമാനത്താവള അധികൃതർക്ക് വൻ തുക നൽകി മേൽപ്പറഞ്ഞ പ്രവർത്തി കരാറെടുത്തിട്ടുള്ള ഇൻവെയർ, നൈപുണ്യ, എസ് ആൻറ് എസ്, തുടങ്ങിയ കമ്പനികളാണ് ഇവിടെ സ്ത്രീ തൊഴിലാളികളെ തൊഴിൽപരമായി പീഢിപ്പിക്കുന്നത്. പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങളുടെ പേരിൽ തൊഴിലാളികളുടെ മാസ ശമ്പളത്തിൽനിന്നും ഒരു നിശ്ചിത തുക ഇവർ ഈടാക്കുന്നുണ്ടെങ്കിലും ഈ തുകട പി.എഫിൽ അടയ്ക്കാറില്ലെന്നും ആരോപണമുണ്ട്.

## മൊബൈൽ ഇൻസിനറേറ്ററുകൾ നിയമവിരുദ്ധം

# ഗുരുതര ഭവിഷ്യത്തുണ്ടാക്കും

### മാലിന്യസംസ്കരണം വീണ്ടും പ്രതിസന്ധിയിലേക്ക്

ടി.സി.രാജേഷ്

തിരുവനന്തപുരം: നഗരമാലിന്യം നശിപ്പിക്കാനായി മൊബൈൽ ഇൻസിനറേറ്ററുകൾ വാങ്ങാനുള്ള സർക്കാരിന്റെ തീരുമാനം 2000ത്തിലെ മുനിസിപ്പൽ സോളിഡ് വേസ്റ്റ് (മാനേജ്മെന്റ് ആൻഡ് ഹാൻഡിലിംഗ്) ചട്ടങ്ങളുടെ പരസ്യമായ ലംഘനമാവും. ഇതോടെ സർക്കാരിന്റെ തീരുമാനം വിവാദത്തിലേക്കു നീങ്ങുന്നു. തീരുമാനത്തിനെതിരെ ആരെങ്കിലും കോടതിയെ സമീപിച്ചാൽ സർക്കാരിന്റെ അഞ്ചുകോടി രൂപ ആവിയായിപ്പോകും.

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നഗരങ്ങളിലെ മാലിന്യസംസ്കരണത്തിന് കൃത്യമായ മാർഗനിർദ്ദേശങ്ങൾ നൽകി 2000ൽ പുറത്തിറക്കിയ ഉത്തരവിലെ വ്യവസ്ഥകളാണ് കേരളസർക്കാർ ലംഘിക്കുന്നത്. നഗരങ്ങളിൽ നിന്നു ശേഖരിക്കുന്ന ജൈവമാലിന്യങ്ങളും ഉണങ്ങിയ ഇലകളും ഉൾപ്പെടെയുള്ളവ കത്തിക്കാൻ പാടില്ലെന്ന് ഈ ചട്ടത്തിന്റെ രണ്ടാം ഷെഡ്യൂളിൽ ഒന്നാം വിഭാഗത്തിൽ ഏഴാമതായി വ്യക്തമാക്കിയിട്ടുണ്ട്. ഇതേ ഷെഡ്യൂളിന്റെ അഞ്ചാം വിഭാഗത്തിൽ ഈ മാലിന്യങ്ങൾ സംസ്കരിക്കേണ്ട രീതി വ്യക്തമാക്കുന്നുണ്ട്. ജൈവമാലിന്യങ്ങൾ കമ്പോസ്റ്റിംഗ് പോലുള്ള മാർഗത്തിലൂടെ സംസ്കരിക്കണമെന്നാണ് നിർദ്ദേശം. റീസൈക്കിൾ ചെയ്യാവുന്ന ജൈവേതര മാലിന്യങ്ങൾ അങ്ങിനെ ചെയ്യണം. അതിനു സാധിക്കാത്തവ മാത്രമേ കത്തിക്കാൻ പാടുള്ളു. ഇതിനാകട്ടെ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ മുൻകൂർ അനുമതിയും വേണം.



ബ്രിട്ടനിൽ നിർമിച്ച രണ്ടു മൊബൈൽ ഇൻസിനറേറ്ററുകൾക്കായി അഞ്ചുകോടി രൂപ സർക്കാർ കഴിഞ്ഞദിവസം അനുവദിച്ചു കഴിഞ്ഞു. ഇതിന് കേന്ദ്ര മലിനീകരണനിയന്ത്രണബോർഡിന്റെ അനുമതി വാങ്ങിയിട്ടില്ല.

ഇൻസിനറേറ്ററുകൾ സൃഷ്ടിക്കുന്ന മാലിന്യപ്രശ്നം ഗുരുതര ഭവിഷ്യത്താണ് ഉണ്ടാക്കുകയെന്ന് ഈ രംഗത്തു പ്രവർത്തിക്കുന്ന വിദഗ്ദ്ധർ പറയുന്നു. ഈ സാഹചര്യത്തിൽ മാലിന്യം കത്തിച്ചു കളയാനുതകുന്ന വാഹനങ്ങൾ വാങ്ങാനുള്ള സർക്കാർ തീരുമാനം ചോദ്യം ചെയ്യപ്പെടുകയാണ്.

മണിക്കൂറിൽ ഒന്നും മൂന്നും ടൺ മാലിന്യങ്ങൾ കത്തിച്ചുകളയാനുതകുന്ന രണ്ട് ട്രക്കുകളാണ് കേരളം വാങ്ങുന്നത്. തിരുവനന്തപുരത്ത് പരീക്ഷിച്ചശേഷം മാലിന്യപ്രശ്നം രൂക്ഷമായ മറ്റു സ്ഥലങ്ങളിലേക്കായി കൂടുതൽ എണ്ണം വാങ്ങാനും സർക്കാരിനു പദ്ധതിയുണ്ട്. തലസ്ഥാനത്ത് പ്രതിദിനം ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് 200 ടണ്ണിൽ നിന്ന് 100 ടണ്ണായി കുറഞ്ഞുവെങ്കിലും ഈ ട്രക്കുകൾ 24 മണിക്കൂർ തുടർച്ചയായി പ്രവർത്തിച്ചാൽ മാത്രമേ ഇവ കത്തിച്ചു കളയാൻ സാധിക്കുകയുള്ളു. കമ്പോസ്റ്റാക്കി മാറ്റാൻ സാധിക്കാതെ ഉപേക്ഷിക്കപ്പെടുന്ന ജൈവ മാലിന്യങ്ങളും പ്ലാസ്റ്റിക് പോലുള്ള ജൈവേതരമാലിന്യങ്ങളുമാണ് താപോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഇൻസിനറേറ്ററുകളിൽ ചാരമാക്കുന്നത്. എന്നാൽ കേരളത്തിൽ ഇപ്പോൾ പദ്ധതിയിടുന്നതനുസരിച്ച് ജൈവ-ജൈവേതര മാലിന്യങ്ങൾ വേർതിരിക്കാതെ പൂർണമായും കത്തിക്കുന്ന അശാസ്ത്രീയ രീതിക്കായാണ് ഈ വാഹനങ്ങൾ വാങ്ങുന്നത്. ഡീസൽ ഉപയോഗിച്ചു പ്രവർത്തിക്കുന്ന ഇത് പുറന്തള്ളുന്ന വാതകങ്ങളും അവശേഷിപ്പിക്കുന്ന ചാരവും ദൂരവ്യാപകമായ പാരിസ്ഥിതിക പ്രശ്നങ്ങളാണ് സൃഷ്ടിക്കുക. ചാരം എങ്ങിനെ നശിപ്പിക്കുമെന്നതിനെപ്പറ്റിയും സർക്കാരിന് കൃത്യമായ രൂപമില്ല. വിളപ്പിൽശാല പ്ലാന്റിന്റെ പ്രവർത്തനം സ്തംഭിച്ചതോടെ രൂക്ഷമായ മാലിന്യപ്രശ്നം പരിഹരിക്കാൻ എന്തെങ്കിലുമൊക്കെ ചെയ്തെന്നു വരുത്തുക മാത്രമാണ് സർക്കാരിന്റെ ഇപ്പോഴത്തെ ലക്ഷ്യം. ഖരമാലിന്യസംസ്കരണത്തിനായി സർക്കാർ രൂപം നൽകിയിട്ടുള്ള സമിതിയിലെ അംഗങ്ങളായ ഡോ. ആർ.വി. ജി. മേനോൻ, ഡോ. അജയകുമാർ വർമ്മ തുടങ്ങിയ പല വിദഗ്ദ്ധരും ഇൻസിനറേറ്ററുകൾക്ക് എതിരാണ്. മുൻകാലങ്ങളിലും ഇൻസിനറേറ്ററുകൾ വാങ്ങാൻ കേരള സർക്കാർ പലതവണ പദ്ധതിയിട്ടിരുന്നെങ്കിലും അവ കേരളത്തിന് അനുയോജ്യമല്ലെന്നു കണ്ട് ഉപേക്ഷിക്കുകയായിരുന്നു.

## കോതമംഗലം ലീഗൽ സർവ്വീസ് കമ്മറ്റിയുടെ നിയമ സാന്ത്വനം പദ്ധതിക്ക് തുടക്കമായി

പി. സി. പ്രകാശ്

കോതമംഗലം താലൂക്കിലെ കുട്ടമ്പുഴ പഞ്ചായത്തിൽ 14 കുടിലുകളിലായി താമസിക്കുന്ന ആദിവാസികൾക്കായി താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റി രൂപം നൽകിയിട്ടുള്ള "നിയമ സാന്ത്വനം' പദ്ധതിക്ക് തുടക്കമായി.

നിലവിലുള്ള നിയമങ്ങളും ആനുകൂല്യങ്ങളും യഥാസമയം പൂർണ്ണമായ അളവിൽ ആദിവാസി കുടികളിൽ എത്തിക്കുവാൻ ഉതകുന്ന കർമ്മ പദ്ധതി, വിവിധ സർക്കാർ സ്ഥാപനങ്ങളും സാമൂഹ്യസന്നദ്ധസംഘടനകളും പഞ്ചായത്തുമായി സഹകരിച്ചാണ് ലീഗൽ സർവ്വീസ് കമ്മറ്റി നടപ്പിലാക്കുന്നത്.

പദ്ധതിയുടെ ഉദ്ഘാടനം കുഞ്ചിപ്പാറ ആദിവാസിക്കുടിയിൽ ഇന്നലെ രാവിലെ നടന്ന ചടങ്ങിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റിയുടെ എക്സിക്യൂട്ടീവ് ചെയർമാനും കേരള ഹൈക്കോടതി ജഡ്ജിയുമായ ജസ്റ്റീസ് സി. എൻ. രാമചന്ദ്രൻ നായർ നിർവ്വഹിച്ചു. യോഗത്തിൽ എറണാകുളം ജില്ലാ ജഡ്ജി. ബി. കമാൽ പാഷ അദ്ധ്യക്ഷനായി. ആദിവാസികളേയും വനസംരക്ഷണ നിയമങ്ങളേയും സംബന്ധിച്ച് കെൽസാ മെമ്പർ സെക്രട്ടറിയും ജില്ലാ ജഡ്ജിയുമായ പി. മോഹൻദാസ് ക്ലാസ്സ് എടുത്തു. ഊരിലെ പ്രായം കൂടിയ തിങ്കളായി മുത്തശ്ശി അതിഥികൾക്ക് പൂച്ചെണ്ട് നൽകി സ്വീകരിച്ചു. ജസ്റ്റീസ് സി.എൻ. രാമചന്ദ്രൻ നായർ ആദിവാസികൾക്ക് കമ്പിളിപ്പുതപ്പും മധുര പലഹാരങ്ങളും വിതരണം ചെയ്തു. പരമ്പരാഗതവാദ്യമേളങ്ങളോടെയാണ് അതിഥികളെ ഊരുകൂട്ടം വരവേറ്റത്. കുട്ടികളുടെ കലാമേളയും പരിപാടിക്ക് കൊഴുപ്പേകി.

താലൂക്കിനെ ഗാർഹിക പീഢന വിമുകതമാക്കുന്നതിനായി നടപ്പിലാക്കിവരുന്ന "ഡോവ് മിഷൻ' സ്കൂൾകുട്ടികളുടെ ക്ഷേമത്തിനും സാന്ത്വനത്തിനുമായി നടത്തുന്ന "കുട്ടി ഡോവ് മിഷൻ' എന്നിവയ്ക്ക് നേതൃത്വം നൽകിയ കോതമംഗലം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് ദിനേശ് എം. പിള്ള ചെയർമാനായ താലൂക്ക് ലീഗൽ സർവ്വീസ് കമ്മറ്റി തന്നെയാണ് ആദിവാസികൾക്കുള്ള നിയമസാന്ത്വനം പരിപാടിയും തയ്യാറാക്കിയിട്ടുള്ളത്.

കുരൂർതോട് മാലിന്യ മുകതമാക്കുന്നതിനും, കോതമംഗലം നഗരസഭയ്ക്കുള്ളിൽ വരുന്ന പ്രദേശത്തെ ഖര-ജൈവ മാലിന്യങ്ങൾ പ്രഭവ സ്ഥാനത്തുതന്നെ സംസ്ക്കരിക്കുന്നതിനുമുള്ള ഒരു ബൃഹത്ത് പദ്ധതിയ്ക്കും ലീഗൽ സർവ്വീസ് കമ്മറ്റി മുൻകൈ എടുത്തു വരികയാണ്.

വിവിധ വകുപ്പു മേധാവികൾ, ബാർ അസോസിയേഷൻ ഭാരവാഹികൾ, കുട്ടമ്പുഴ പഞ്ചായത്ത് അംഗങ്ങൾ, വിവിധ സന്നദ്ധ സംഘടനാ ഭാരവാഹികൾ, പത്ര പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു.